**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131** **18-09-2025 - ൽ മറുപടിയ്ക്ക്**

**സ്ഥലം ഏറ്റെടുത്ത വകയിൽ ശ്രീ. കെ.പി. ജോസഫിന് ലഭിക്കാനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | മുളക്കുളം ഗ്രാമ പഞ്ചായത്തിലെ തന്റെ സ്ഥലം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിക്കായി ഏറ്റെടുത്ത വകയിലുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ശ്രീ. കെ.പി. ജോസഫ്, കയ്യൂരിക്കൽ വീട്, കാരിക്കോട് എന്ന വ്യക്തി നൽകിയ അപേക്ഷയിൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | എൽ.എ.ആർ 49/11ന് സ.ഉ(സാധാ) നം. 627/2022/WRD തീയതി 20.07.2022, സ.ഉ(സാധാ) നം. 287/2024/WRD തീയതി 03.04.2024 പ്രകാരം യഥാക്രമം ₹1,18,407/-, ₹6,94,391/- രൂപ നൽകിയിട്ടുണ്ട്.<br><br>ഫണ്ട് നൽകിയിട്ടില്ല എന്ന പരാതി സംബന്ധിച്ച് ചീഫ് എഞ്ചിനീയറോട് റിപ്പോർട്ട് തേടിയിരുന്നതും, കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ 49/11 നമ്പർ കേസിനു അനുവദിച്ച 6,94,391/- രൂപ ചീഫ് എഞ്ചിനീയറുടെ 18-03-2025 തീയതിയിലെ നടപടിക്രമമനുസരിച്ച് BAMS മുഖേന പിറവം, എം വി ഐ പി ഡിവിഷൻ നം.4 എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. എൽ.എ.ആർ കേസിൽ അനുവദിച്ച തുകയായ ₹6,94,391/- രൂപ കക്ഷിക്ക് നൽകിയിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിറവം അറിയിച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തിക്ക് എൽ.എ.ആർ നം. 49/2011 & LA APP NO.429/2013 പ്രകാരം എത്ര രൂപയാണ് സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് നൽകുവാൻ ഉള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | എൽ.എ.ആർ 49/11ന് പ്രസ്തുത വ്യക്തിയ്ക്ക് സ.ഉ(സാധാ) നം. 627/2022/WRD തീയതി 20.07.2022, സ.ഉ(സാധാ) നം. 287/2024/WRD തീയതി 03.04.2024 പ്രകാരം യഥാക്രമം ₹1,18,407/-, ₹6,94,391/- രൂപ നൽകിയിട്ടുണ്ട്.<br><br>കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ 49/11 നമ്പർ കേസിനു മുതലിനത്തിൽ 32,474/-രൂപയും Court Cost 11,330/- രൂപയും 31-12-2025 വരെയുള്ള മുൻകൂർ പലിശ 3,563/- രൂപയും ഉൾപ്പെടെ ആകെ 47,367/- രൂപ കൂടി നല്കുവാനുണ്ടെന്ന് 02.09.2025ലെ കത്ത് മുഖേന പദ്ധതി വിഭാഗം II ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ശ്രീ. കെ. പി. ജോസഫിന്റെ പരാതി പരിഹരിക്കുന്നതിന് ജലസേചന വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) | എൽ.എ.ആർ 49/11ന് പ്രസ്തുത വ്യക്തിയ്ക്ക് സ.ഉ(സാധാ) നം. 627/2022/WRD തീയതി 20.07.2022, സ.ഉ(സാധാ) നം. 287/2024/WRD തീയതി 03.04.2024 പ്രകാരം യഥാക്രമം ₹1,18,407/-, ₹6,94,391/- രൂപ നൽകിയിട്ടുണ്ട്.<br><br>കോട്ടയം സബ് കോടതിയിലെ എൽ.എ.ആർ 49/11 നമ്പർ കേസിനു മുതലിനത്തിൽ 32,474/-രൂപയും Court Cost 11,330/- രൂപയും 31-12-2025 വരെയുള്ള മുൻകൂർ പലിശ 3,563/- രൂപയും ഉൾപ്പെടെ ആകെ 47,367/- രൂപ കൂടി നല്കുവാനുണ്ടെന്ന് 02.09.2025ലെ കത്ത് മുഖേന പദ്ധതി വിഭാഗം II ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ സർക്കാർ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ